**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 106** **12-10-2026-ൽ മറുപടിയ്ക്ക്**

**വിരമിച്ച പങ്കാളിത്ത പെൻഷൻ ജീവനക്കാർക്ക് മിനിമം പെൻഷനും ഡി.സി.ആർ.ജി., ഡി.എ. കുടിശ്ശികകളും അനുവദിക്കുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** എൻ.പി.എസ്.(പങ്കാളിത്ത പെൻഷൻ )പദ്ധതിയിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് ലഭിക്കുന്ന പ്രതിമാസ ആന്വിറ്റി തുക വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ മിനിമം പെൻഷൻ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

സർക്കാർ പരിശോധിച്ച വരുന്നു

**(ബി)** പങ്കാളിത്ത പെൻഷൻ വഴി വിരമിച്ച ജീവനക്കാർക്ക് മറ്റ് സർവീസ് പെൻഷണർമാരെപ്പോലെ ഡി.സി.ആർ.ജി. (ഡെത്ത് കം റിട്ടയർമെന്റ് ഗ്രാജ്യൂവൈറ്റി), ഡി.എ. കുടിശ്ശിക എന്നിവ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പങ്കാളിത്ത പെൻഷൻ വഴി വിരമിച്ച ജീവനക്കാർക്ക് മറ്റ് സർവീസ് പെൻഷണർമാരെപ്പോലെ ഡി.സി.ആർ.ജി. (ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി), ഡി.എ. കുടിശ്ശിക എന്നിവ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

**(സി)** സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ സ്കീമിലുൾപ്പെട്ട എത്ര ജീവനക്കാരാണ് ഇതുവരെ വിരമിച്ചിട്ടുള്ളതെന്നും, അവർക്ക് സർവീസ് ആനുകൂല്യങ്ങളും അർഹമായ മിനിമം പെൻഷനും ഉറപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ച വരുന്നതെന്നും വ്യക്തമാക്കാമോ?

**മറുപടി:** സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ സ്കീമിലുൾപ്പെട്ട 3748 ജീവനക്കാരാണ് ഇതുവരെ വിരമിച്ചിട്ടുള്ളതെന്നും, മുൻ സർക്കാർ പ്രഖ്യാപിച്ച അഷ്വേർഡ് പെൻഷൻ പദ്ധതിയിൽ അവ്യക്തത നിലനിൽക്കുന്നുണ്ടെന്നും, അതിനാൽ ഇത് സംബന്ധിച്ച് വിശദമായ വിലയിരുത്തൽ നടത്തിയ ശേഷം നിലവിലുള്ള എൻ.പി.എസ് സംവിധാനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്നും ഈ സർക്കാർ പരിഷ്കരിച്ച ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**